## പതിമൂന്നാം കേരള നിയമസഭ
## പതിനഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം. 302 — 17.12.2015-ന് മറുപടി നൽകേണ്ടത്

## മുഖ്യപരിഗണന നൽകുന്ന വിഷയങ്ങൾ

**ചോദ്യം**

ശ്രീ. പി. കെ. ഗുരുദാസൻ
,, ബി. സത്യൻ
,, കെ. കുഞ്ഞിരാമൻ (ഉദുമ)
,, വി. ചെന്താമരാക്ഷൻ

**ഉത്തരം**

ശ്രീ. ഉമ്മൻചാണ്ടി
(മുഖ്യമന്ത്രി)

| | | | |
|---|---|---|---|
| (എ) | സംസ്ഥാനം ഇന്നനുഭവിക്കുന്ന ഗുരുതരമായ പ്രശ്നങ്ങളെ സംബന്ധിച്ച് വിലയിരുത്തിയിട്ടുണ്ടോ ; അവശേഷിക്കുന്ന കാലയളവിൽ പ്രസ്തുത പ്രശ്നപരിഹാരത്തിനായി മുഖ്യ പരിഗണന നൽകുന്ന വിഷയങ്ങൾ എന്തൊക്കെയാണെന്ന് വെളിപ്പെടുത്തുമോ ; ജനങ്ങൾ നേരിടുന്ന ദുരിതങ്ങൾ പരിഹരിക്കാനുള്ള നടപടികൾക്ക് മുഖ്യപരിഗണന നൽകുമോ ; | (എ) യും (ബി) യും | സംസ്ഥാനം ഇന്ന് നേരിടുന്ന പ്രധാന പ്രശ്നങ്ങളെ സംബന്ധിച്ച് സർക്കാർ സദാ ജാഗരൂകമാണ്. സംസ്ഥാനത്തിന്റെ സമഗ്ര വികസനമാണ് സർക്കാർ ലക്ഷ്യമിടുന്നത്. ഇതിനായി നിശ്ചിത ഇടവേളകളിൽ അവലോകനയോഗങ്ങൾ കൂടി പ്രശ്നങ്ങൾ വിലയിരുത്താറുണ്ട്. അവസാനമായി 17.11.2015-നും 10.12.2015-നും എം.പി. മാരുടെ യോഗം യഥാക്രമം തിരുവനന്തപുരത്തും ഡൽഹിയിലുമായി ചേരുകയുണ്ടായി. ഈ യോഗങ്ങളിൽ സംസ്ഥാനം നേരിടുന്ന പ്രധാന പ്രശ്നങ്ങൾ വിലയിരുത്തി. മുല്ലപ്പെരിയാർ ഡാമിന്റെ സുരക്ഷിതത്വം സംബന്ധിച്ച ആശങ്ക, റബ്ബർ വിലയിടിവ്, മാലിന്യനിർമ്മാർജ്ജനത്തിന് നേരിടുന്ന ബുദ്ധിമുട്ട്, പകർച്ചവ്യാധികൾ പടരുന്നതു മൂലമുണ്ടാകുന്ന പ്രശ്നങ്ങൾ, ദേശീയപാത, റെയിൽവേ ഇവയുടെ വികസനത്തിന് ആവശ്യമായ ഭൂമി ഏറ്റെടുക്കുന്നതുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ, ആദിവാസി മേഖലയിലെ പ്രശ്നങ്ങൾ, വിദ്യാഭ്യാസ വായ്പകളുടെ തിരിച്ചടവ് സംബന്ധിച്ച പ്രശ്നങ്ങൾ, കാലാവസ്ഥാ വ്യതിയാനം മൂലമുണ്ടാകുന്ന പ്രശ്നങ്ങൾ തുടങ്ങി സംസ്ഥാനം അഭിമുഖീകരിക്കുന്ന പ്രധാന പ്രശ്നങ്ങൾ ചർച്ച ചെയ്യുകയും പ്രസ്തുത ചർച്ചയുടെ വിശദാംശങ്ങൾ അതത് വകുപ്പുകൾക്ക് എത്തിച്ച് പ്രശ്നപരിഹാരത്തിനുള്ള നടപടികൾ സ്വീകരിച്ചു വരുകയും ചെയ്യുന്നുണ്ട്. |
| (ബി) | ജനങ്ങളുടെ ഏതൊക്കെ ആവശ്യങ്ങൾക്കാണ് അടിയന്തിര പരിഹാരം കണ്ടെത്തേണ്ടത് ; ഇവ കണ്ടെത്തി പരിഹരിക്കുന്നതിനായി ഉദ്ദേശിക്കുന്ന നടപടികൾ വിശദമാക്കുമോ ; | | |
| (സി) | ഇതുവരെ നടപ്പാക്കാൻ സാധിച്ചിട്ടില്ലാത്ത പ്രഖ്യാപനങ്ങൾ എന്തൊക്കെയാണെന്ന് പരിശോധിച്ചിട്ടുണ്ടോ ; അവയെല്ലാം സർക്കാരിന്റെ അവശേഷിക്കുന്ന കാലയളവിനുള്ളിൽ എത്രത്തോളം നടപ്പാക്കാൻ സാധിക്കുമെന്ന് വ്യക്തമാക്കുമോ ? | (സി) | ജനങ്ങളുടെ ക്ഷേമത്തിനായി സർക്കാർ പ്രഖ്യാപിച്ചിട്ടുള്ള ഏറെക്കുറെ എല്ലാ പദ്ധതികളും സമയബന്ധിതമായി പൂർത്തിയാക്കാൻ കഴിഞ്ഞിട്ടുണ്ട്. കൂടാതെ ബഡ്ജറ്റിൽ പ്രഖ്യാപിക്കുന്ന പദ്ധതികളിൽ നടപ്പിലാക്കാൻ സാധിക്കാത്തവ സംബന്ധിച്ച് സർക്കാർ പരിശോധന നടത്തിയിട്ടുണ്ട്. ബഡ്ജറ്റിൽ പ്രഖ്യാപിക്കുന്ന പദ്ധതികൾ നടപ്പിലാക്കുന്നത് ഭരണാനുമതി, സാങ്കേതികാനുമതി, പാരിസ്ഥിതികാനുമതി തുടങ്ങിയ നടപടിക്രമങ്ങൾ പൂർത്തീകരിച്ച ശേഷമാണ്. ഈ നടപടിക്രമങ്ങൾ പൂർത്തീകരിച്ച പദ്ധതികൾ വിവിധ ഘട്ടങ്ങളിലായി പുരോഗമിച്ചുവരികയാണ്. എന്നാൽ, ഭൂമി ഏറ്റെടുക്കുന്നത് സംബന്ധിച്ചും മറ്റുമുള്ള സാങ്കേതിക പ്രശ്നങ്ങൾ നേരിട്ടതിനാൽ നടപ്പിലാക്കാൻ സാധിക്കാത്ത പദ്ധതികൾ നടപടിക്രമങ്ങൾ പൂർത്തിയാകുന്ന മുറയ്ക്ക് നടപ്പിലാക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ